കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ നഗരസഭ ഹെഡ് ക്ലാർക്ക് ശ്രീമതി ഇന്ദു ജെ.ആർ ഫയൽ ചെയ്ത OA(EKM) 568/14- ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1304 /2015/തസ്വഭവ. തീയതി, തിരുവനന്തപുരം,02/05/ 2015 .

പരാമർശം :
1. 07.10.2014 തിയതിയിലെ ശ്രീമതി.ഇന്ദു ജെ.ആർ സമർപ്പിച്ച അപേക്ഷ
2. 28.08.2014 ലെ OA(EKM) 568/14 നമ്പർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ വിധിന്യായം.

ഉത്തരവ്

19/02/1997 ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ ആശ്രിത നിയമന വ്യവസ്ഥയിൽ എൽ.ഡി.ക്ലാർക്ക് ആയി ജോലിയിൽ പ്രവേശിച്ച ശ്രീമതി.ഇന്ദു.ജെ.ആർ നെ 12/2000 ന് നടന്ന ഉദ്യോഗക്കയറ്റത്തിൽ ഉൾപ്പെടുത്താതെ 24/10/2001 ലെ ഉത്തരവിൽ ഉൾപ്പെടുത്തി മാത്രമാണ് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതെന്നും, ആയതിനാൽ തന്നെക്കാൾ ജൂനിയർ ആയിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയ നഗരകാര്യ ഡയറക്ടറുടെ നടപടി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ മുമ്പാകെ OA(EKM) 568/14 -ാം നമ്പരായി കേസ് ഫയൽ ചെയ്തു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ പരാമർശം(2) ലെ വിധിന്യായത്തിൽ ടിയാളെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ട് 4 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത നിർദ്ദേശ പ്രകാരം അപേക്ഷകയെ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. 12/2000-ന് ഉദ്യോഗക്കയറ്റത്തിനുള്ള ടെസ്റ്റ് യോഗ്യത നേടിയ ശ്രീമതി.ഇന്ദു.ജെ.ആർ-ന് 07/02/2001 ലെ ഉത്തരവു പ്രകാരം യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് യോഗ്യതയുള്ളതായി കാണുന്നു.എന്നാൽ ടിയാൾ ടെസ്റ്റ് പാസ്സായ സർട്ടിഫിക്കറ്റ് 30.05.2011 ൽ മാത്രമാണ് കൊല്ലം നഗരസഭാ സെക്രട്ടറി മുമ്പാകെ ഹാജരാക്കിയിട്ടുള്ളത്.ആയതിനാലാണ് 24.10.2001 ലെ പ്രമോഷൻ ഓർഡറിൽ പ്രമോഷൻ നൽകാൻ ഇടയായതെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നിരുന്നാലും ശ്രീമതി.ഇന്ദു.ജെ.ആർ - നെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 44 നം 45 നം താഴെ ക്രമനമ്പർ 46- ാമതായി സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ളതായി കാണുന്നു. ടി സാഹചര്യത്തിൽ പരാതിക്കാരിയും എതിർ കക്ഷികളും ജോലിയിൽ പ്രവേശിച്ച തീയതി, ടെസ്റ്റ് യോഗ്യത നേടിയ തീയതി,ഒഴിവ് ഉണ്ടായ തീയതി എന്നിവ പരിഗണിച്ച് സീനിയോറിറ്റി ലിസ്റ്റിൽ

ആവശ്യമായ പുനഃക്രമീകരണം നൽകേണ്ടതാണ് എന്ന നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക് നൽകി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ഫിന്നി സക്കറിയ,
അഡിഷണൽ സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീമതി. ഇന്ദു. ജെ. ആർ, ഹെഡ് ക്ലാർക്ക്, ആലപ്പുഴ മുനിസിപ്പാലിറ്റി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.